(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടിയെടുത്തുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോഴത്തെ ഡിസ്പെൻസറിക്ക് പഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ള സ്ഥലത്ത് പഞ്ചായത്തുതന്നെ കെട്ടിടം പണിയുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. കെട്ടിടം പണിഞ്ഞുകിട്ടിയതിനുശേഷം ആ സ്ഥാപനം ആശുപത്രിയായി ഉയർത്തുന്ന കാര്യം സാമ്പത്തിക ലഭ്യതയ്ക്കു വിധേയമായി പരിഗണിക്കുന്നതാണ്.

നൻമണ്ടയിലെ ഗവൺമെൻറ് ഹോമിയോ ഡിസ്പെൻസറി

75. [93] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നൻമണ്ടയിലുള്ള ഗവൺമെൻറ് ഹോമിയോ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള സ്ഥലം നിർണ്ണയിച്ചു കഴിഞ്ഞുവോ ;

(ബി) എങ്കിൽ കെട്ടിടം പണി എന്ന് തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സ്ഥലവും കെട്ടിടവും പഞ്ചായത്ത് നൽകാം എന്നുള്ള വ്യവസ്ഥയിലാണ് ഈ ഡിസ്പെൻസറി അനുവദിച്ചിട്ടുള്ളത്. അതിനാൽ സ്ഥലം നിർണ്ണയിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

1982-83 മുതൽ ഓണാഘോഷ പരിപാടികൾക്ക് ചെലവായ തുക

76. [94] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

1982-83 മുതൽ 1985-86 വരെ ഓരോ വർഷവും സംസ്ഥാനത്ത് നടന്ന ഓണാഘോഷ പരിപാടികൾക്ക് ഗവൺമെൻറിന് ചെലവായ തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

1982-ൽ 37,65,179 രൂപയും 1984-ൽ 32,87,292 രൂപയും ഇതുവരെ കിട്ടിയ കണക്കനുസരിച്ച് വിനോദസഞ്ചാര വാരാഘോഷം നടത്തുന്നതിന് ഗവൺമെൻറിനു ചെലവായി. 1983, 1985 എന്നീ വർഷങ്ങളിൽ ആഘോഷ പരിപാടികൾ നടത്തിയില്ല.

ആലുവയിൽ ടൂറിസം ഡിപ്പാർട്ടുമെൻറിൻെറ കെട്ടിടം പണി

77. [95] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവയിൽ ടൂറിസ്റ്റ് ഡിപ്പാർട്ടുമെൻറിൻെറ ആഭിമുഖ്യത്തിൽ ഒരു ഡോർമിറ്ററി നിർമ്മിക്കുവാൻ രണ്ടാനുമതി നൽകിയിട്ടും കെട്ടിടത്തിൻെറ പണി ആരംഭിക്കാത്ത കാര്യം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഡോർമിറ്ററിയുടെ നിർമ്മാണം എന്നാരംഭിക്കുമെന്ന് പറയാൻ ദയവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly